# പതിനാലാം കേരള നിയമസഭ
# (പതിനൊന്നാം സമ്മേളനം)

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3004 — 18.06.2018-ൽ മറുപടിയ്ക്ക്

## മാവേലിക്കരയിൽ ഫിഷറീസ് വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ ഭരണാനുമതി ലഭിച്ച തീയതി, സാങ്കേതികാനുമതി ലഭിച്ച തീയതി, ടെണ്ടർ ചെയ്ത തീയതി എന്നിവ ലഭ്യമാക്കുമോ;<br><br>ബി) ഇപ്രകാരം ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം എന്താണെന്നും പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ? | എ) & ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന യാതൊരുവിധ നിർമ്മാണ പ്രവൃത്തികളും നടത്തിയിട്ടില്ല.<br>എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർത്തി-രിക്കുന്നു.<br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികൾ നടപ്പിലാക്കു-ന്നതിനുള്ള കാലതാമസം സംബന്ധിച്ചും പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുന്ന കാലാവധി സംബന്ധിച്ചുമുള്ള വിശദാംശം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ

## അനുബന്ധം (എ)

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിൽ നിന്നും ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖാന്തിരം തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 8 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നം | പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | ഭരണാനുമതി തീയതി | സാങ്കേതികാനുമതി നൽകിയ തീയതി | ടെൻഡർ ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | പ്രായിക്കര തറയിൽ-മുക്ക് കടത്തുകടവ് റോഡ് | 28.00 | 26/02/2016 | 28/07/2016 | 17/08/16 |
| 2 | വള്ളിക്കുന്നം പള്ളിക്കത്തറ - കൊട്ടാരത്തിൽ മുക്ക് റോഡ് | 16.96 | 03/12/2016 | 17/02/2017 | 14/03/2017 |
| 3 | വിവേകാനന്ദ ജംഗ്ഷൻ- മാവോലിമുക്ക് ടി.എ കനാൽ എസ്.എൻ.ഡി.പി ഹൈസ്കൂൾ റോഡ് | 34.45 | 03/12/2016 | 17/02/2017 | 21/02/2017 |
| 4 | ആശാൻമുക്ക്- ഏലിയാസ് നഗർ റോഡ് | 22.79 | 25/11/2016 | 16/03/2017 | 21/03/2017 |
| 5 | നൂറനാട് പുലിമേൽ ചുനക്കര ബണ്ട് റോഡ് | 104 | 3/7/2017 | 11/10/2017 | 12/10/2017 |
| 6 | കല്ലിൽക്കുന്നിൽ മുക്ക് കുമ്പിളുമല പള്ളി റോഡ് | 77.91 | 3/12/2016 | 19/06/2017 | 23/06/2017 |
| 7 | വള്ളിക്കുന്നം- കാഞ്ഞിരത്തുംമൂട് പുത്തൻചന്ത റോഡ് | 46.00 | 25/11/2017 | ഭരണാനുമതിയിൽ ഉൾപ്പെട്ട റോഡിന്റെ ഒരു ഭാഗം പഞ്ചായത്ത് മുഖേന ചെയ്യുകയുണ്ടായി. ടി റോഡിന്റെ ശേഷിക്കുന്ന ഭാഗം പഞ്ചായത്ത് ചെയ്യുന്നില്ല എന്ന് ഉറപ്പാക്കിയ ശേഷം മാത്രമാണ് എസ്റ്റിമേറ്റ് എടുക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളത്. പഞ്ചായത്ത് ചെയ്തതിന്റെ ബാക്കി ഭാഗത്തെ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി എടുത്തിട്ടുണ്ട്. | |
| 8 | താമരക്കുളം ജംഗ്ഷൻ- നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | 62.00 | 25/11/2017 | | |

(ഒപ്പ്)

**സെക്ഷൻ ആഫീസർ**

## അനുബന്ധം (ബി)

ഭരണാനുമതി നൽകിയ 8 പ്രവൃത്തികളിൽ ചോദ്യം നം.1-ന്റെ ഉത്തരത്തിൽ പരാമർശിച്ചിട്ടുള്ള 1 മുതൽ 3 വരെയുള്ള പ്രവൃത്തികൾ പൂർത്തികരിച്ചിട്ടുണ്ട്. മറ്റ് 5 പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു

| നം | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | ആശാൻമുക്ക്- ഏലിയാസ് നഗർ റോഡ് | ടാറിംഗ് ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ച വേനൽമഴമൂലം ടാറിംഗ് പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ല. 15.07.18 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് |
| 2 | നൂറനാട് പുലിമേൽ ചുനക്കര ബണ്ട് റോഡ് | സംരക്ഷണഭിത്തിയുടെ നിർമ്മാണത്തിനു വേണ്ടി സോയിൽ ഇൻവെസ്റ്റിഗേഷൻ നടത്തി റിസൾട്ട് ലഭിക്കാൻ താമസിച്ചതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ കാലതാമസം ഉണ്ടായി. 25.12.2018 നുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ് |
| 3 | കല്ലിൽക്കുന്നിൽ മുക്ക് കുമ്പിളുമല പള്ളി റോഡ് | ദർഘാസിന് അംഗീകാരം നൽകിയിട്ടുണ്ട്. 2018 ഫെബ്രുവരി മാസത്തിൽ കരാറിൽ ഏർപ്പെട്ടിട്ടുള്ള പ്രവൃത്തി നവംബർ 2018-നുള്ളിൽ പൂർത്തീകരിക്കുന്നതാണ്. |
| 4 | വള്ളിക്കുന്നം- കാഞ്ഞിരത്തുംമൂട് പുത്തൻചന്ത റോഡ് | ടി റോഡിനുള്ള ഭരണാനുമതി നൽകിയ ശേഷം ബ്ലോക്ക് പഞ്ചായത്ത് മുഖേന റോഡിന്റെ തുടക്ക ഭാഗത്ത് നിർമ്മാണം ആരംഭിക്കുകയുണ്ടായി. ഈ പ്രവൃത്തി പൂർത്തീകരിച്ച ശേഷം ശേഷിക്കുന്ന ഭാഗം മറ്റ് ഏജൻസികൾ ചെയ്യുന്നില്ലെന്ന് രേഖാമൂലം ഉറപ്പ് ലഭിച്ചത് 21/05/2018-ലാണ്. ഇതിനുശേഷമാണ് ഭരണാനുമതിയിൽ ഉൾപ്പെട്ട ബാക്കി ഭാഗത്തെ റോഡ് നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് എടുത്തിട്ടുള്ളത്. ടി എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |
| 5 | താമരക്കുളം ജംഗ്ഷൻ- നെടുമ്പ്രത്തുവിള പൊയ്കയിൽ വയ്യാങ്കര റോഡ് | ടി റോഡിലെ കുറച്ചുഭാഗം പഞ്ചായത്ത് മുഖേന നടപ്പിലാക്കിയിരുന്നു. പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയതിനു ശേഷം ബാക്കിയുള്ള ഭാഗത്തെ എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാലാണ് കാലതാമസം ഉണ്ടായിട്ടുള്ളത്. ടി പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിക്കുന്നതാണ്. |

Mahi

**സെക്ഷൻ ആഫീസർ**